# കേരളത്തിന്റെ പ്രശ്നം ലൈംഗികത!

**അമിയ മീത്തൽ**

മലയാളിയെ ഏറ്റവും അലട്ടുന്ന പ്രശ്നം ലൈംഗികതയാണോ? ആണെന്നാണ് കേരളത്തിലെ മൂന്ന് കോടിയിൽപ്പരം ജനങ്ങളെ 'പുരോഗതി'യിലേക്ക് നയിക്കുന്ന മാസികകൾ പറയുന്നത്. അടുത്ത കാലത്തായി മാസികകൾ; മുഖ്യധാരാമാസികയായാലും വനിതാ സ്പെഷ്യൽ ആയാലും ആരോഗ്യ രംഗത്തേതായാലും പൈങ്കിളിയായാലും കവർസ്റ്റോറികൾ - എല്ലാറ്റിലും സമാനത പുലർത്തുന്നു. ലൈംഗികത സ്പെഷ്യൽ. സ്ത്രീ / പുരുഷ ലൈംഗിക പ്രശ്നങ്ങൾ, വന്ധ്യത, വാർദ്ധക്യത്തിലെ സെക്സ്, ടീനേജ് സെക്സ്, ആർത്തവം പ്രത്യേക പതിപ്പ്, മുലയൂട്ടൽ സ്പെഷ്യൽ - എന്നിങ്ങനെ പോവുന്ന കവർസ്റ്റോറികളും പ്രത്യേക ഫീച്ചറുകളും.

സെക്സിനെ പാപമായതെന്തോ എന്ന സങ്കൽപ്പത്തിൽ മൂടിപ്പൊതിഞ്ഞുവെച്ചത് തകർത്ത് പൊതുവേദികളിൽപോലും സെക്സ് ചർച്ചചെയ്യപ്പെടാൻ മാധ്യമങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ലെങ്കിൽപോലും ഇപ്പോഴത്തെ സെക്സ് ഭ്രമത്തിനു കാരണം നാട്ടുകാരെ ലൈംഗിക വിജ്ഞരാക്കുകയല്ല മറിച്ച് സർക്കുലേഷൻ കൂട്ടുകയെന്നൊരൊറ്റ ഉദ്ദേശ്യം മാത്രമാണുള്ളത്. എന്തിന് വേറെ ഉദാഹരീകരിക്കണം, സ്പോർട്സ് മാഗസിൻ പോലും എക്സ്ക്ലൂസീവാക്കുന്നത് ബോറിസ്ബെക്കറുടെ പ്രണയത്തിന്റെ പുതിയ മേച്ചിൽപുറങ്ങളും അന്നകുർണിക്കോവയുടെ കാമുകരുടെ പട്ടികയുമാണ്. മുഖചിത്രമായി ഖജുരാഹോവിലെ ചുവർചിത്രവും ഉള്ളിൽ ഇത്തിരി എരിവുള്ള പടങ്ങളും കൊടുത്താൽ സാധനം ചൂടപ്പം പോലെ വിറ്റുപോവും. അടുത്ത പരസ്യത്തിൽ കുത്തനെയുള്ള സർക്കുലേഷൻ കാണിച്ച് ഞെളിയുകയും ചെയ്യാം.

ലൈംഗികവിജ്ഞാനം പ്രത്യേക പതിപ്പിലെ ചോദ്യോത്തര പംക്തിയാണ് ഏറ്റവും കൗതുകകരം. മിസ്. ആർ കെ. കൊല്ലത്തിനും മിസ്റ്റർ കെ. ആർ. കോഴിക്കോടിനുമൊക്കെ അറിയേണ്ട കാര്യങ്ങൾ മാസിക ആരംഭിച്ച കാലം മുതൽ ചോദിക്കുന്നവയാണ്. ഉത്തരം കൊടുക്കുന്ന ഡോക്ടർ മാത്രം മാറുന്നു. സ്വയംഭോഗവും വദനസുരതവും സ്വവർഗരതിയും പ്രതിപാദിക്കുന്ന ചോദ്യങ്ങൾ ആരോഗ്യകരമല്ലേ എന്നു ചോദിക്കാം. വദനസുരതത്തെക്കുറിച്ചും സ്വയംഭോഗത്തെക്കുറിച്ചും ഇന്നത്തെ സ്കൂൾവിദ്യാർത്ഥിക്ക് 'മ' പ്രസിദ്ധീകരണങ്ങൾ നിന്നല്ലാതെ ശരിയായ അറിവുണ്ടായിട്ടുണ്ടെങ്കിൽ അത് നേരത്തെ പറഞ്ഞ മാധ്യമപ്രവർത്തനത്തിന്റെ നല്ല വശം. പക്ഷെ 'സുരത'വും 'അയൽപക്കത്തെ ചേച്ചിയും' മറ്റും കഥകളിൽ ആവർത്തിക്കുമ്പോൾ, ഒരു ഇക്കിളികഥ പോലെ വളച്ച് പറഞ്ഞുവരുമ്പോൾ ഉദ്ദേശ്യം വിജ്ഞാനത്തിൽ നിന്നകലുന്നു. ഇവിടെ വനിതകളുടെ വഴികാട്ടിയും ആരോഗ്യരംഗത്തെ സുഹൃത്തും 'മ' പ്രസിദ്ധീകരണത്തിന് തുല്യമാവുന്നു. തികച്ചും ഗൗരവപൂർണ്ണമായ ചില ചോദ്യങ്ങൾക്ക് സെക്സ് രോഗങ്ങളെ സംബന്ധിച്ചുള്ളവ, ഉന്നയിക്കുമ്പോൾ ഡോക്ടറുടെ മറുപടി ഒരു വാചകത്തിലൊതുങ്ങുന്നു. "എത്രയും പെട്ടെന്ന് അടുത്തുള്ള ഗൈനക്കോളജിസ്റ്റിനെ കാണിക്കുക."

ഇതുപോലെ പറഞ്ഞ് പറഞ്ഞ് മഹാസംഭവമാക്കി മാറ്റിയ ഒരു കാര്യമാവുന്നു, 'ആദ്യരാത്രി'. യുവതീയുവാക്കൾ എളുപ്പം കൊത്തുന്ന ഫീച്ചർ. ആദ്യരാത്രിയിൽ ഉച്ചരിക്കേണ്ട ആദ്യത്തെ വാക്ക് മുതൽ പിറ്റേന്ന് രാവിലെ ഏത് പോസിൽ എഴുന്നേൽക്കണം എന്നുവരെ പറയുമ്പോൾ അതുവരെ സ്വന്തം ഭാവനയിൽ ആദ്യരാത്രി കഴിയുന്ന യുവാവിന് ചിന്താഭ്രമം അനുഭവപ്പെടുന്നു. സിവിൽ സർവ്വീസ് ഇന്റർവ്യൂവിനെന്നപോലെ തയ്യാറെടുക്കേണ്ട എന്തോ വലിയൊരു കടമ്പയാണിതെന്ന തോന്നൽ സ്വാഭാവികമായും ജനിക്കുന്നു, ജനിപ്പിക്കുന്നു. അങ്ങിനെ പുതിയ പ്രശ്നങ്ങൾ സ്വയം സൃഷ്ടിക്കുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യുന്ന മാധ്യമങ്ങൾ.

'ക്രൈമിന്റെ'യും 'ഫയറി'ന്റെയും പരസ്യമായ സെക്സ് വാണിഭ കച്ചവടത്തിനിടയിൽ വീർപ്പുമുട്ടുമ്പോൾ പത്രലോകത്തെ അതികായകർ തന്നെ ലൈംഗികത കച്ചവടച്ചരക്കാക്കുമ്പോൾ ചിന്തിച്ചുപോയേക്കാം; പരിസ്ഥിതി നാശമോ, തൊഴിലില്ലായ്മയോ, വ്യവസായങ്ങളുടെ അഭാവമോ അല്ല കേരളത്തിന്റെ പ്രശ്നം: കേരളത്തിന്റെ പ്രശ്നം ലൈംഗികതയാവുന്നു.